ശ്രീ. ടി. എം. ജേക്കബ്: ഇപ്പോഴത്തെ നിലവിലിരിക്കുന്ന സംവരണ തത്വമാണ് ഞാൻ സൂചിപ്പിച്ചത്. ഇതിനകത്ത് ഒ. ബി. സി. എന്നു പറയുന്ന വിഭാഗത്തിന് 1% കൊടുത്തിട്ടുണ്ട്. അത് ദേഹം ചോദിച്ചത് ആംഗ്ലോ ഇൻഡ്യൻസിനുവേണ്ടിക്കൂടി റിസർവ്വേഷൻ ഏർപ്പെടുത്താൻ കഴിയുമോ എന്നുള്ളതാണ്. ഇപ്പോഴത്തെ അതിന് കൃത്യമായിട്ട് ഒരു മറുപടി പറയാൻ കഴിയുകയില്ല. അത് പരിശോധിക്കുന്നതാണ്.

ദേശീയപാത നിർമ്മാണം

*493 [525] ശ്രീ. കെ. ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത നിർമ്മാണത്തിന് 1986-87 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ പണികളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പണികൾ ടെൻഡർ വിളിച്ച് കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, പണികൾ തുടങ്ങാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഇ) 1985-86 സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ ദേശീയപാത നിർമ്മാണത്തിന് ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) 1986-87 സാമ്പത്തിക വർഷത്തിൽ 1,44,19,913 രൂപയുടെ പതിമൂന്നു പുതിയ പണികൾക്ക് കേന്ദ്ര സർക്കാരിൽനിന്നു അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പണികളിൽ രണ്ടെണ്ണം ടെണ്ടർ വിളിച്ചുകൊടുത്തിട്ടുണ്ട്.

(സി) ഇതിൽ ഒരെണ്ണത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. രണ്ടാമത്തേതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നതേയുള്ളു.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസമേയുള്ളു.

(ഇ) ദേശീയപാതകൾക്കായി മൊത്തത്തിൽ 10,88,71,883 രൂപ ചെലവായി. ഇതിൽ 7,78,42,393 രൂപ റോഡുനിർമ്മാണത്തിനും, 3,10,28,490 രൂപ അറകുറ്റപ്പണികൾക്കുമാണ്.

ശ്രീ. കെ. ജെ. ജോർജ്: കഴിഞ്ഞ വർഷം ഏതാണ്ട് പത്തുകോടി രൂപ ചെലവാക്കിയെന്നുപറഞ്ഞു, പക്ഷേ 1986-87 സാമ്പത്തിക വർഷത്തിൽ വെറും ഒന്നരക്കോടി രൂപയുടെ കാര്യം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇത്രയും കുറവ് സംഖ്യ ഈ വർഷത്തെ പ്രവൃത്തിയിലേക്ക് വയ്ക്കാനുണ്ടായ കാരണമെന്താണ്? വേണ്ടത്ര സമ്മർദ്ദം ചെലുത്തി കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ സംഖ്യ കൂട്ടിവാങ്ങുന്നതിനുള്ള പരിശ്രമം ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പുതിയ പാലം നിർമ്മാണത്തിനാണ് കൂടുതൽ ചെലവ് വരുന്നത്. പുതിയ പാലത്തിന്റെ നിർമ്മാണമാവശ്യമാകുമ്പോൾ സംഖ്യ വകയിരുത്തിത്തരും. അറാകുറ പണികൾക്ക് മാത്രമാകുമ്പോൾ സംഖ്യ ചുരുങ്ങും.

ശ്രീ. കെ. ജെ. ജോർജ്: ചാലക്കുടി ബൈപാസ് നാഷണൽ ഹൈവേ 47-ലുള്ളതാണ്. അതിന്റെ പ്രവൃത്തി ഉൽഘാടനം രണ്ടുമൂന്നു മാസങ്ങൾക്കുമുമ്പ് നടന്നുകഴിഞ്ഞിരിക്കുകയാണ്. പക്ഷേ ഇന്നുവരെയായൊരു പ്രവൃത്തിയും അവിടെ നടന്നുകഴിഞ്ഞിട്ടില്ല. കോൺട്രാക്ടർ അതിട്ടുപോയ മാതിരിയാണ് തോന്നുന്നത്. ഇപ്പോൾ യാതൊരു കാര്യങ്ങളും ചെയ്യുന്നില്ല. വളരെ തിരക്കുപിടിച്ച് പ്രവൃത്തി ഉൽഘാടനം ചെയ്ത ഒരു പരിപാടിയാണ്, ഒരു പദ്ധതിയാണ് ഇത്. പക്ഷേ എന്തുകൊണ്ടാണ് ഈ കരാറുകാരൻ പണി നടത്താതെ നഷ്ടപ്പെടുത്തുന്നത്; ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി അതിനെപ്പറ്റി വല്ല നടപടിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സാങ്കേതികമായ കാര്യങ്ങൾ ഉന്നയിച്ചതുകൊണ്ട് അതിൻമേൽ അന്തിമമായ തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് താമസം നേരിടുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: നാഷണൽ ഹൈവേ 17-ൽ ചേരനല്ലൂർ-വാരാപ്പുഴ ഭാഗത്തുകൂടി പോകുന്നതായിട്ടുള്ള വഴിയും പാലങ്ങളും എന്നത്തേക്ക് പൂർത്തിയാകും?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിന് പ്രത്യേക നോട്ടീസ് ഇല്ലാതെ പറയാൻ കഴിയുകയില്ല. അതിന്റെ പണി തുടങ്ങിയിട്ടുണ്ടോ? എന്താണ് സ്ഥിതി എന്ന് എനിക്ക് പെട്ടെന്ന് പറയാൻ കഴിയുകയില്ല. അതുകൊണ്ട് എന്നത്തേക്ക് തീർപ്പാകുമെന്ന് പറയാൻ പറ്റുകയില്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ആറുകൊല്ലം മുമ്പ് ഇൻഡ്യാ ഗവൺമെന്റ് അലൈൻമെന്റ് അംഗീകരിച്ച് അക്വിസിഷൻ നടപടി തുടങ്ങിയ കോഴിക്കോട് ബൈപാസ് റോഡ് പൂർത്തിയാകാറായ സന്ദർഭത്തിൽ ഇപ്പോൾ അതിന്റെ യാതൊരു പണിയും നടക്കുന്നില്ല. അത് എത്രയും വേഗം പണി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനുള്ള അലൈൻമെന്റെല്ലാം പൂർത്തിയായി. അക്വിസിഷൻ മിക്കവാറും പൂർത്തിയായി. ഏകദേശം എട്ടുകോടി രൂപ ഭൂമിയേറ്റെടുക്കാൻവേണ്ടിമാത്രം വേണം. അത് ഒന്നായി തരാൻ ബുദ്ധിമുട്ടായതുകൊണ്ട് നാലു റീച്ചായിട്ട് അയയ്ക്കണമെന്ന് ഇൻഡ്യാ ഗവൺമെന്റ് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു കോടി രൂപ വീതമുള്ള നാലു റീച്ചായിട്ട് അയച്ചുകഴിഞ്ഞിരിക്കുകയാണ്. ആദ്യത്തെ റീച്ചിന് ഉടനെ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് കിട്ടുന്നതോടൊപ്പം അതിന്റെ പ്രവർത്തനമാരംഭിക്കും. പിന്നെ അതിനെ തുടർന്ന് ബാക്കിയുള്ള പ്രവൃത്തികളും ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: തലോർ മുതൽ മണ്ണുത്തി വരെയുള്ള തൃശ്ശൂർ ബൈപാസിന്റെ നിർമ്മാണം സ്തംഭിച്ചിരിക്കുകയാണ്. എന്നേക്ക് നിർമ്മാണം പൂർത്തിയാക്കി ഉൽഘാടനം നടത്താൻ കഴിയുമെന്ന് പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: നിശ്ചിത ഡേറ്റ് ഇപ്പോൾ പറയാൻ കഴിയുകയില്ല. പ്രവൃത്തി വേഗം പുരോഗമിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ആലപ്പുഴ ബൈപാസിന്റെ സ്ഥലമെടുപ്പ് 6-ാം പദ്ധതിയിൽ പൂർത്തിയാക്കിയതാണ്. അതിന്റെ നിർമ്മാണപ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. 7-ാം പദ്ധതിക്കാലത്ത് ആലപ്പുഴ ബൈപാസിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇതുപോലെ പല ബൈപാസ് റോഡുകളുടെയും അലൈൻമെന്റ് ഫിക്സ് ചെയ്യുകയും അക്വിസിഷൻ നടപടി ആരംഭിക്കുകയും ചിലത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിനാവശ്യമായ ഫണ്ട് സെൻട്രൽ ലവലിൽ നമുക്ക് കിട്ടിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് താമസം വരുന്നത്.

ശ്രീ. വി. വി. ജോസഫ്: കൊച്ചി—മധുര ഹൈവേയുടെ ലിങ്ക് ഹൈവേയായി തിരുവനന്തപുരം മുതൽ മുവ്വാറ്റുപുഴ വരെയുള്ള റോഡ് നാഷണൽ ഹൈവേയാക്കുന്നതിനുള്ള നടപടി എത്രവരെയായി? അതിന് കേന്ദ്രത്തിൽനിന്ന് അനുവാദം കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അന്തിമമായി അതിന്റെ നടപടി പൂർത്തിയായിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നാഷണൽ ഹൈവേയിൽ തലശ്ശേരി ബൈപാസ് നിർമ്മാണത്തിനുവേണ്ടി കുറെ വർഷങ്ങളായി സ്ഥലപരിശോധനയും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. ആ ബൈപാസിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. അവുക്കാദർകുട്ടി നഹ: അതിന് അനുമതി ഉടൻ നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്, അനുമതി കിട്ടിക്കഴിഞ്ഞാൽ ഉടനെ നിർമ്മാണം ആരംഭിക്കും.

ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ: സൗത്ത് ഇൻഡ്യയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ ഊട്ടി—കാലിക്കറ്റ് റോഡ് നാഷണൽ ഹൈവേയിൽ ഉൾപ്പെടുത്തണമെന്ന് നിരന്തരമായി ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. ഇതിനുവേണ്ടി ഇൻഡ്യാഗവൺമെന്റിലേക്ക് വല്ല നടപടിയും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? ഊട്ടി—കോഴിക്കോട് റോഡ് നാഷണൽ ഹൈവേയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇതുസംബന്ധിച്ചുള്ള ചില റൂട്ടുകൾ നാഷണൽ ഹൈവേയായി അംഗീകരിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻമേലുള്ള അന്തിമമായ തീരുമാനമുണ്ടായിക്കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: സർ, തിരുവനന്തപുരം ബൈപാസിന്റെ അക്വിസിഷൻ നടപടികളും പൂർത്തിയായി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിലൊരു ചെറിയ ഭാഗം മാത്രമേ പണി നടത്തുന്നതിനുള്ള ഷെഡ്യൂളിൽപ്പെടുത്തിയിട്ടുള്ളുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കഴക്കൂട്ടം മുതലുള്ള ഭാഗത്ത് അക്വിസിഷൻ നടപടികളും പൂർത്തിയായി കഴിഞ്ഞിട്ട് വർക്ക് ഷെഡ്യൂളിൽ പെടുത്താനുള്ള കാലതാമസമെന്താണ്? ഇക്കാര്യത്തിൽ അടിയന്തിരമായി നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർ, ഞാൻ ആദ്യമേ പറഞ്ഞു. 13 വർക്കുകളിൽ രണ്ടെണ്ണത്തിന്റെ നടപടികളും ടെൻഡർ വിളിച്ചിട്ടുണ്ട്. ബാക്കിയുള്ള വർക്കിൽ നാലെണ്ണം ഒഴികെയുള്ള എല്ലാ വർക്കുകളുടെയും ടെൻഡർ വിളിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ ടെൻഡർ കൺഫേം ചെയ്ത വർക്ക് ഏൽപ്പിച്ചിട്ടില്ല. അതുകൊണ്ടാണ് ഈ ചോദ്യത്തിന് ഇടയായത്.

ശ്രീ. എസ്. ആർ. തങ്കരാജ്: നാഷണൽ ഹൈവേ 47-ൽ ഇടയ്ക്കുള്ള മെയിൻറനൻസ് പണിയിൽ ഇപ്പോഴും പാപ്പനംകോട്, ഒരുമാസക്കാലമായിട്ട് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. അത് അടിയന്തിരമായി ചെയ്തുതീർക്കണം, അതുപോലെ കോവളം മുതൽ ഉദിയൻകുളങ്ങര വരെയുള്ള നാഷണൽ ഹൈവേ 47 ബൈപാസിന്റെ പണി എപ്പോഴും തുടങ്ങുമെന്ന് പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: നാഷണൽ ഹൈവേയായി അംഗീകരിച്ച റോഡ്, ദേശീയപാതയുടെ നിലവാരത്തിൽ ഉയർത്തുക എന്നുള്ളതിനാണ് ഈ 13 വർക്കുകളും അനുവദിച്ചു എന്നു പറയുന്നത്. ഏതെങ്കിലും വർക്ക് തടസ്സപ്പെട്ടുവെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അത് അന്വേഷിച്ച് വേണ്ട നടപടികളും എടുക്കും.

ശ്രീ. രാഘവൻ പൊഴക്കടവിൽ: ഒല്ലൂർ—തൃശ്ശൂർ റോഡിലെ നാഷണൽ ഹൈവേയുടെ മറ്റൊരു റോഡിൽ ചീരാച്ചി എന്നു പറയുന്ന സ്ഥലത്ത് ഒരു ഭയങ്കരമായ വളവുണ്ട്. അതിനെ മരണക്കിണർ എന്നാണ് നാട്ടുകാർ വിളിക്കുക. എല്ലാത്തവണകളിലും അവിടെ ആക്സിഡൻറുണ്ടായി ആളുകളും മരിക്കാറുണ്ട്. അതൊന്നു സ്ട്രെയിറ്റൻ ചെയ്യാനുള്ള നടപടി ബഡ്ജറിലുള്ളതാണ് ഇതുവരെ നടപ്പാക്കിയിട്ടില്ല. അത് അടിയന്തിരമായി നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇത് ബഡ്ജറിലുണ്ടെങ്കിലും കേന്ദ്രത്തിന്റെ അനുമതി ലഭിച്ചുകഴിഞ്ഞാലെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടായിരിക്കും ഇതുവരെ നടപ്പാകാത്തത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി: നാഷണൽ ഹൈവേ കൊല്ലം ബൈപാസിന് കേന്ദ്രഗവൺമെൻറിന്റെ അനുമതി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര റീച്ച് സ്ഥലമെടുക്കാനും പണി തുടങ്ങാനുമുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനെക്കുറിച്ചു മുഴുവനും എനിക്കറിഞ്ഞുകൂടാ. പക്ഷേ അനുമതി കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനം അടിയന്തിരമായി തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. വിജയദാസ്: ഈ നാഷണൽഹൈവേയ്ക്ക് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നതുപോലെതന്നെ അന്തർ സംസ്ഥാന റോഡുകൾക്ക് കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുന്നതിന് ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ടോ? അങ്ങനെ സഹായം കിട്ടിയിട്ടുണ്ടോ? തിരുവനന്തപുരം—ചെങ്കോട്ട റോഡിനു ആ സഹായം കൊണ്ടു പ്രയോജനമുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: അങ്ങനെ പ്രത്യേകമായി ചോദ്യം ചോദിച്ചാൽ അതിനെപ്പറ്റി അറിയില്ല.

പുതിയ ട്രെയിനിംഗ് കോളേജുകൾ

* 494 [526] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ട്രെയിനിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെൻറ് കോളേജുകൾ ഒന്നുംതന്നെ ഇല്ലാത്ത ജില്ലകൾക്ക് ട്രെയിനിംഗ് കോളേജ് നൽകുന്ന കാര്യത്തിൽ മുൻഗണന നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എ. ജേക്കബ്):

(എ) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ദിനകരൻ: സർ, നമ്മുടെ സംസ്ഥാനത്ത് ട്രെയിനിംഗ് കോളേജുകളുടെ അപര്യാപ്തതമൂലം ഭീമമായ തുക കാപ്പിറേഷൻ ഫീസ്സായി കൊടുത്തുകൊണ്ട് കർണ്ണാടക പോലുള്ള മറ്റു സംസ്ഥാനങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ പ്രവേശനത്തിനു വേണ്ടി പോകുന്നുവെന്നുള്ള ദുഃഖസ്ഥിതി കണക്കിലെടുത്ത് അടിയന്തിരമായി ട്രെയിനിംഗ് കോളേജുകൾ കേരളത്തിൽ ആരംഭിക്കുമോ?

ശ്രീ. ടി. എ. ജേക്കബ്: സർ, ഈ വർഷം ട്രെയിനിംഗ് കോളേജുകൾ അനുവദിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ യൂണിവേഴ്സിറ്റികൾ ആയച്ചുതന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. വി. ദിനകരൻ: യൂണിവേഴ്സിറ്റി ചിലപ്പോൾ തീരുമാനിക്കും ട്രെയിനിംഗ് കോളേജ് വേണമെന്ന്. അപ്പോൾ ഗവൺമെൻറ് തീരുമാനിക്കും, കൊടുക്കണ്ടായെന്ന്. ഗവൺമെൻറ് ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly